ഗ്വാളിയർ റയോൺസ് തൊഴിലാളികളുടെ സമരം

14 (1202) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിലെ കരാർത്തൊഴിലാളികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത് ;

(സി) ഇവിടെ മറ്റു തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ ഗ്വാളിയർ റയോൺസിലെ കരാർ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ലേബർ കമ്മീഷണറുടെ തലത്തിലും തൊഴിൽ വകുപ്പ് മന്ത്രിയുടെ തലത്തിലും നടത്തിയ ചർച്ചകൾ ഫലവത്തായില്ല. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ നേരിട്ട് തൊഴിൽ സ്ഥാപനം ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

യോഗ്യതയുള്ള ക്ലാസ്ഫോർ ജീവനക്കാരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആക്കാൻ നടപടി

15 (1203) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ ജില്ല, താലൂക്ക്, ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത ജോലി ചെയ്യുന്നത് ;

(സി) പി.ജി.ഡി.സി.എ., എം.സി.എ. തുടങ്ങിയ യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാർ നിലവിലുണ്ടെങ്കിൽ തസ്തികമാറ്റം വഴി പ്രസ്തുത ജോലിക്ക് അവരെ നിയമിക്കുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly